"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- മാവേലിക്കര നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.512/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/02/2021

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.04.2014 തീയതിയിലെ ഇ4(എസ്.സി.39/2013/എ.എൽ.പി) 32120/13 നമ്പർ കത്ത്

2 17.11.2014 തീയതിയിലെ 58555/ഇയു2/14-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 09.12.2019 തീയതിയിലെ വി1- 20753/2014 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴ യൂണിറ്റ് മാവേലിക്കര നഗരസഭയിൽ 09.09.2013- ൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടി നഗരസഭയിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ. കെ. മുരളി, ശ്രീ. ആർ വിജയൻ, ശ്രീ. കെ.പി.ഷഹാവുദ്ദീൻ, ശ്രീ. പി.ജെ.ജയരാജ് എന്നീ ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു. പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ടി ജീവനക്കാർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ പരിശോധനാറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. മാവേലിക്കര നഗരസഭയിലെ സീനിയർ ക്ലാർക്കുമാരായിരുന്ന ശ്രീ. കെ. മുരളി, ശ്രീ. കെ.പി.ഷഹാവുദ്ദീൻ, ശ്രീ. പി.ജെ.ജയരാജ് എന്നിവർ വിജിലൻസ് പരിശോധനയിൽ ക്രമപ്രകാരം പേഴ്സണൽ രജിസ്റ്റർ എഴുതിയിരുന്നില്ലെന്ന് കണ്ടെത്തിയിരുന്നു. ശ്രീ. കെ. മുരളി സമർപ്പിച്ചിട്ടുള്ള മറുപടിയിൽ ആയത് സമ്മതിച്ചിട്ടുള്ളതും ജോലിത്തിരക്കു മൂലം ആയത് സമയബന്ധിതമായി എഴുതുവാൻ സാധിച്ചില്ലായെന്നും മറുപടി നൽകിയിരുന്നു. ടി ജോലിയിലിരിക്കെ യാതൊരുവിധ പരാതിക്കോ ആരോപണങ്ങൾക്കോ ഇടയാക്കിയിട്ടില്ലെന്നും മന:പൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കി നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു. ശ്രീ. പി. ജെ. ജയരാജ് സമർപ്പിച്ച മറുപടിയിൽ, ടെണ്ടർ, റീ-ടെണ്ടർ, കരാറുകാരെക്കൊണ്ട് എഗ്രിമെന്റ് വയ്പിക്കൽ, സ്പിൽ ഓവർ പ്രവൃത്തികൾ തുടങ്ങിയ ജോലികൾ ഉണ്ടായിരുന്നതിനാൽ പേഴ്സണൽ രജിസ്റ്ററിൽ

ശരിയായ വിധത്തിൽ രേഖപ്പെടുത്തുന്നതിൽ പോരായ്മ വന്നിട്ടുണ്ടെന്നും ആയത് ബോധപൂർവ്വമല്ലായിരുന്നെന്നും, പിന്നീട് പേഴ്സണൽ രജിസ്റ്റർ ശരിയാംവിധം സൂക്ഷിച്ചു പോരുന്നതാണെന്നും ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ പോരായ്മകൾ ഉണ്ടായിട്ടില്ലെന്നും ആയതിനാൽ ബോധപൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കണമെന്നും ശ്രീ. പി. ജെ. ജയരാജ് അപേക്ഷിച്ചിട്ടുള്ളതാണ്. ശ്രീ. കെ. പി. ഷഹാവുദ്ദീന് ഇ1, ഇ2 എന്നീ രണ്ടു സെക്ഷനുകളുടെ ചുമതലയുണ്ടായിരുന്നുവെന്നും ടെണ്ടർ, റീ-ടെണ്ടർ തുടങ്ങിയ നടപടികൾ മൂലവും പേഴ്സണൽ രജിസ്റ്റർ ശരിയായ വിധം എഴുതുന്നതിൽ പോരായ്മ വന്നിട്ടുണ്ടെന്നും ആയത് മന:പൂർവ്വമായിരുന്നില്ലെന്നും ശ്രീ. കെ. പി. ഷഹാവുദ്ദീൻ മറുപടി നൽകിയിരിക്കുന്നു. ടിയാൻ കടുത്ത രക്തസമ്മർദ്ദ രോഗിയാണെന്നും മന:പൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കി നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

3. ശ്രീ. ആർ. വിജയൻ മാവേലിക്കര നഗരസഭയിലെ സീനിയർ ക്ലാർക്കായിരിക്കെ നടന്ന വിജിലൻസ് മിന്നൽ പരിശോധനയിൽ 3 തിയേറ്ററുകൾ സാധുതയില്ലാത്ത ലൈസൻസോടെ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിരുന്നതിനാലാണ് ടിയാന് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നത്. എന്നാൽ സിനിമ ടിക്കറ്റിന്മേൽ സെസ്സ് ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിനെതിരെ ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു പി. (സി) നം. 4195/2013 (വൈ) പ്രകാരമുള്ള കേസിൽ ഉത്തരവിനു വിധേയമായിട്ടുള്ള കാലയളവിലെ ലൈസൻസ് മാത്രമെ മുനിസിപ്പൽ സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുക്കി നൽകി വന്നിരുന്നുള്ളൂ എന്ന് ശ്രീ. ആർ.വിജയൻ മറുപടി നൽകിയിരിക്കുന്നു. പ്രസ്തുത ഹൈക്കോടതി ഉത്തരവ് നഗരസഭയിൽ ലഭ്യമാകാതിരുന്നതു കാരണമുണ്ടായ കാലതാമസത്താൽ വള്ളക്കാലിൽ, പ്രതിഭ എന്നീ തീയേറ്ററുകൾക്ക് യഥാസമയം ലൈസൻസ് പുതുക്കി നൽകാൻ സാധിച്ചിരുന്നില്ലായെന്നും മറുപടിയിൽ പറയുന്നു. കൂടാതെ 'സാന്ദ്ര' തീയേറ്റർ പുനരുദ്ധാരണ ജോലികളുമായി ബന്ധപ്പെട്ട് പ്രദർശനം നിർത്തിവച്ചിട്ടുള്ളതായി അറിയിച്ചിരുന്നതും ആയത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകുന്നതിന് താമസം വന്നിരുന്നുവെന്നും ശ്രീ.ആർ.വിജയൻ ബോധിപ്പിച്ചിരിക്കുന്നു. ആയതിനാൽ മന:പൂർവ്വമല്ലാതെ സംഭവിച്ച കുറ്റം മാപ്പാക്കി ശിക്ഷ നടപടികൾ ഒഴിവാക്കണമെന്ന് ടിയാൻ അഭ്യർത്ഥിച്ചിരുന്നു.

4. കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പ്രകാരം ശ്രീ . കെ . മുരളി ജോലിത്തിരക്കു മൂലമാണ് പേഴ്സണൽ രജിസ്റ്റർ എഴുതാത്തതെന്ന് സമ്മതിച്ചിട്ടുള്ളതും എന്നാൽ ടിയാന്റെ സെക്ഷൻ സംബന്ധമായ തപാലുകൾ ട്രാൻസിറ്റ് രജിസ്റ്ററിൽ ചേർത്ത് യഥാസമയം സർട്ടിഫിക്കറ്റുകൾ അപേക്ഷകർക്ക് ലഭ്യമാക്കിയിരുന്നതാണ്. ശ്രീ.കെ.പി ഷിഹാവുദ്ദീന് മറ്റൊരു സെക്ഷന്റെ കൂടി അധിക ചുമതലയുണ്ടായിരുന്നു. ടിയാന്റെ സെക്ഷനുമായി ബന്ധപ്പെട്ടുള്ള മറ്റ് ചുമതലകളിന്മേൽ പിഴവുകളൊന്നും ഉണ്ടായിട്ടില്ല .ശ്രീ.പി.ജെ.ജയരാജ് നഗരസഭ സേവനത്തിൽ തുടരവെ 07.03.2015- ൽ മരണപ്പെട്ടുപോയിട്ടുള്ളതാണ്. ശ്രീ.കെ.വിജയൻ 2016 മാർച്ച് 31- ന് കായംകുളം നഗരസഭയിൽ നിന്നും വിരമിച്ചിട്ടുള്ളതും ഒരു മാസത്തിനു ശേഷം മരണപ്പെട്ടുപോയിട്ടുള്ളതുമാണ് എന്നും അറിയിച്ചിരുന്നു.

5. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ യഥാവിധി പരിപാലിക്കേണ്ടത് നിർബന്ധിതമായ ഉത്തരവാദിത്തമാണെ ന്നിരിക്കെ ശ്രീ.കെ.മുരളി, ശ്രീ. കെ.പി. ഷഹാവുദ്ദീൻ, ശ്രീ.പി.ജെ.ജയരാജ് എന്നിവർ ആയതിൽ വീഴ്ച വരുത്തിയിട്ടുള്ളത് ഒട്ടും ഹിതകരമല്ലായെന്നും സെക്ഷൻ സംബന്ധമായ ജോലികളിൽ കൃത്യവിലോപം സംഭവിച്ചിട്ടില്ലെന്ന വസ്തുതയും തപാലുകൾ ട്രാൻസിറ്റ് രജിസ്റ്ററിൽ ചേർത്ത് സർട്ടിഫിക്കറ്റുകൾ അപേക്ഷകർക്ക് യഥാസമയം നൽകിയിട്ടുണ്ടെന്ന വാദവും പേഴ്സണൽ രജിസ്റ്റർ

പൂർത്തിയാക്കാത്തതിന് സാധൂകരണമാകുന്നില്ലായെന്നും അറിയിച്ചിരുന്നു.

6. മാവേലിക്കര നഗരസഭ നിയമാനുസൃത ലൈസൻസില്ലാതെ 3 തീയേറ്ററുകൾ പ്രവർത്തിക്കുന്നതായി വിജിലൻസ് കണ്ടെത്തിയിട്ടുള്ളത് നഗരസഭയുടെ സാമ്പത്തിക സ്രോതസ്സിനെ ബാധിക്കുന്ന വിഷയമാകയാൽ ഗൗരവകരവും ആയത് ബന്ധപ്പെട്ട ജീവനക്കാരുടെ കൃത്യനിർവ്വഹണത്തിലുള്ള നിഷ്ക്രിയത്വമായി കരുതുന്നതുമാണ്. സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ.ആർ. വിജയന്റെ മറുപടി പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവ് നഗരസഭയിൽ ലഭ്യമാക്കുന്നതിനുള്ള കാലതാമസവും പുനരുദ്ധാരണത്തിനു വേണ്ടി തിയേറ്റർ അടച്ചിട്ടിരുന്നതിനാൽ ലൈസൻസ് നൽകാൻ താമസം നേരിട്ടതും വിഷയീഭവിച്ചിട്ടുണ്ടെങ്കിലും ടിയാന്റെ മറുപടി പൂർണ്ണമായി അംഗീകരിക്കാനാ കാത്തതും ലൈസൻസ് പുതുക്കി നൽകാനാകാത്തത് വീഴ്ചയായി ബോധ്യപ്പെടുന്നതുമാണ്. ടി സാഹചര്യത്തിൽ നിലവിൽ നഗരസഭ സേവനത്തിൽ തുടരുന്ന ശ്രീ.കെ.മുരളി, ശ്രീ.കെ.പി.ഷഹാവുദ്ദീൻ എന്നിവർ കൃത്യനിർവ്വഹണ ത്തിൽ വീഴ്ച വരുത്തിയിട്ടുള്ളത് ബോധ്യപ്പെടുന്നതിനാൽ ടിയാളുകൾക്ക് ലഘുശിക്ഷ നൽകാവുന്നതാണെന്നും മരണമടഞ്ഞുപോയ ആർ.വിജയൻ, പി.കെ.ജയരാജ് എന്നിവർക്കെതിരായ അച്ചടക്ക നടപടികളിൽ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു .

7. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിലെ ജീവനക്കാരുടെ മറുപടി കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ,നഗരകാര്യഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് എന്നിവപ്രകാരം ഇക്കാര്യം പരിശോധിച്ചതിൽ പേഴ്സണൽ രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നതിൽ ശ്രീ. കെ. മുരളി, ശ്രീ. കെ. പി. ഷഹാവുദ്ദീൻ, ശ്രീ. പി.ജെ. ജയരാജ് എന്നിവരുടെ ഭാഗത്ത് നിന്നും മനപൂർവ്വമല്ലാത്ത വീഴ്ചയുണ്ടായതായി കാണുന്നു. മേൽ സാഹചര്യത്തിൽ മാവേലിക്കര നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ. കെ.മുരളി, ശ്രീ. ആർ വിജയൻ, ശ്രീ. കെ.പി. ഷഹാവുദ്ദീൻ ശ്രീ.പി.ജെ.ജയരാജ് എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, ആർ.വിജയൻ, പി.കെ.ജയരാജ് എന്നിവർ മരണപ്പെട്ടതിനാൽ ഇവർക്കെതിരായ തുടർനടപടികൾ അവസാനിപ്പിച്ചും ശ്രീ. കെ.മുരളി, ശ്രീ.കെ.പി.ഷഹാവുദ്ദീൻ എന്നിവർക്ക് "ശാസന (Censure) " നൽകിയും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

(നഗരകാര്യഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(04.12.2020തീയതിയിലെ VIG-D1/420/2020-VIGനമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ